# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 3511 | 25.06.2012 -ൽ<br>മറുപടിയ്ക്ക് |

## കവടിയാർ ലോർഡ് സായി സെക്യൂരിറ്റീസ് തട്ടിപ്പുകേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കവടിയാറിലെ ലോർഡ് സായി സെക്യൂരിറ്റീസ് എന്ന സ്ഥാപനം നിക്ഷേപകരിൽ നിന്ന് 4 കോടിയോളം രൂപ തട്ടിയെടുത്തതായി പറയുന്ന സംഭവത്തിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; | (എ) ലോർഡ് സായി സെക്യൂരിറ്റീസ് എന്ന സ്ഥാപനം നിക്ഷേപകരെ വഞ്ചിച്ചതുമായി ബന്ധപ്പെട്ട പരാതിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 930/11 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത സ്ഥാപനത്തിലെ അധികൃതർക്കെതിരെ വിശ്വാസ വഞ്ചനയ്ക്ക് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 746/11, 945/2011 എന്നീ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ? | (ബി) മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത Cr. No. 930/11 ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ആയത് CBCID EOW-1 തിരുവനന്തപുരം യൂണിറ്റ് അന്വേഷണം നടത്തി വരുന്നു. ഈ മൂന്നു കേസുകളിലും കൂടുതൽ രേഖകൾ പരിശോധിക്കുകയും സാക്ഷികളുടെ മൊഴി രേഖപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ആയതിനാൽ ടി കേസുകളിൻമേൽ ഊർജ്ജിത അന്വേഷണം തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ